# "ഭരണഭാഷ മാതൃഭാഷ"

അടിയന്തിരം

A1/364/16 (IV)

ഡോ. ബി. ആർ. അംബേദ്കർ മെമ്മോറിയൽ
ഗവ: ആർട്സ് ആൻഡ് സയൻസ് കോളേജ്
ബാലുശ്ശേരി, കോഴിക്കോട്.
Ph-0496- 2646342
Email-gcbalussery.dce@kerala.gov .in

തീയതി: 05.05.2022

പ്രേഷകൻ

പ്രിൻസിപ്പാൾ

സ്വീകർത്താവ്

കോളേജ് വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ
തിരുവനന്തപുരം

സർ,

വിഷയം:- ഡോ. ബി. ആർ അംബേദ്കർ മെമ്മോറിയൽ ഗവ: ആർട്സ് ആൻഡ് സയൻസ് കോളേജ് ബാലുശ്ശേരി-കോളേജിലെ നിർമ്മാണ പ്രവൃത്തികൾ സംബന്ധിച്ച്

സൂചന:- 1. No. C2/ 63/2021/ഉ.വി.വ. dated 21-03-2022 Thiruvananthapuram
2. CED/CON/TMMP/1 dated 27-04-2022
3. 17-03-2022 ൽ ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗ തീരുമാനങ്ങൾ നടപ്പാക്കുന്നത് സംബന്ധിച്ച്

മേൽ സൂചന മീറ്റിംഗിലെ മിനിറ്റ് പ്രകാരം കോളേജ് NIT യെ സമീപിക്കുകയും NIT സൂചന 2 കത്തു പ്രകാരം മറുപടി ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. (കോപ്പി ഉള്ളടക്കം ചെയ്യുന്നു )

NIT യുടെ കത്തിൽ പാര 5 (i) ൽ പറഞ്ഞിരിക്കുന്നതിൻ പ്രകാരം കോളേജിന് G+2 നിർമിക്കുന്നതിലേക്കാവശ്യമായ (by using light weight building blocks like aerated concrete blocks or like wise materials) അനാലിസിസ് നടത്തുന്നതിലേക്കായി PWD യ്ക്ക് കത്ത് നൽകിയിട്ടുണ്ട്. G+2 കോളേജിന് വളരെ അതാവശ്യമാണ്. ഈ രണ്ടാം നിലയിൽ ഒരു കോഴ്സ് പൂർണമായും നടത്താനാവശ്യമായ മൂന്ന് ക്ലാസ് മുറികളും, കോൺഫറൻസ് ഹാളും, ഫാക്കൽറ്റി റൂമും, ടോയ്‌ലെറ്റും, 50 പേരെ ഇരുത്തി പരീക്ഷ നടത്താൻ കഴിയുന്ന മൂന്ന് മുറികളും ആണ് ഉള്ളത്. 5 ഏക്കർ സ്ഥലം മാത്രമുള്ള കോളേജിന് 5 (ii) ഓപ്ഷൻ സ്വീകരിക്കാൻ കഴിയില്ല.

സൂചന 1 ൽ പറഞ്ഞിരിക്കുന്നതിൻ പ്രകാരം KITCO 17-03-2022 മുതൽ മൂന്ന് മാസത്തിനകം നിർമ്മാണം പൂർത്തീകരിക്കാനുള്ളതാണ്. എന്നാൽ ഇപ്പോൾ നിർമ്മാണം വളരെ പതുക്കെയാണ് പോകുന്നത്. നിലവിലെ വേഗത അനുസരിച്ച് ഇനിയും ഒരു വർഷത്തോളം വേണ്ടിവരും നിർമ്മാണപ്രവർത്തികൾ പൂർത്തീകരിക്കാൻ. അതിനാൽ സൂചന 1 മിനിറ്റ് പ്രകാരം നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കാൻ KITCO യ്ക്ക് വീണ്ടും അടിയന്തിര നിർദേശം നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

സ്ഥല പരിമിതി മൂലം വീർപ്പുമുട്ടുന്ന കോളേജിന് G+2 നിർമിക്കാനാവശ്യമായ നടപടികളുടെ ഭാഗമായി നിലവിൽ KITCO നിർമ്മാണം നടത്തുന്ന ഒന്നാം നിലയിൽ സങ്കൻ സ്ലാബും ഡമ്മി പില്ലറും ഉൾപ്പെടുത്തി നിർമ്മാണ പൂർത്തീകരിക്കാനുള്ള അടിയന്തിര നിർദേശം കൂടി നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

17-03-2022 ലെ മീറ്റിംഗ് കഴിഞ്ഞതിനുശേഷവും KITCO മേൽനോട്ടം വഹിക്കുന്ന ഒന്നാം നിലയിൽ സങ്കൻ സ്ളാബ് ഉൾപ്പെടുത്തി നിർമ്മാണം നടത്താനുള്ള പ്രവൃത്തികൾ തുടങ്ങിയിട്ടില്ല എന്ന വിവരവും അറിയിക്കുന്നു. മേൽ പ്രവൃത്തികൾ നടത്താത്തതിനാൽ ഈ പ്രവർത്തികൾക്കായി പൊളിച്ച ഭാഗത്തു കൂടി മഴ പെയ്യുമ്പോൾ വെള്ളം ലൈബ്രറി, ഓഫീസ്, പ്രിൻസിപ്പൽ റൂം കമ്പ്യൂട്ടർ ലാബ് തുടങ്ങിയ റൂമുകളിൽ കയറുന്നു. കത്ത് മുഖേന KITCO യെയും നിർമ്മാണം നടത്തുന്ന ഏജൻസിയെയും അറിയിച്ചെങ്കിലും പരിഹാരം ഇതുവരെ ആയിട്ടില്ല. ജൂൺ 1 മുതൽ ക്ലാസ് തുടങ്ങുന്നതിനാൽ നിർമ്മാണം എത്രയും പെട്ടെന്ന് തീർക്കാനുള്ള ഇടപെടൽ ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു

# Approval Valid

Digitally Approved By
Dr. S.J Shabu
Date: 05.05.2022
Reason: Approved

വിശ്വസ്തതയോടെ

Dr. S.J Shabu
പ്രിൻസിപ്പാൾ (ഇൻ ചാർജ്)
പ്രിൻസിപ്പാൾക്കു വേണ്ടി